# Deepika

# 30 August 2018

# Kochi; After flood, Flood Relief

## പ്രളയദുരന്തവുമായി ബന്ധപ്പെട്ടു മൂന്നു ഹർജികൾ കൂടി

**കൊച്ചി:** സംസ്ഥാനത്തെ പ്രളയദുരന്തവുമായി ബന്ധപ്പെട്ടു മൂന്നു ഹർജികൾ കൂടി ഇന്നലെ ഹൈക്കോടതിയുടെ പരിഗണനയ്ക്കു വന്നു. ഹർജികൾ ഫയലിൽ സ്വീകരിച്ച ഹൈക്കോടതി സംസ്ഥാന സർക്കാരടക്കമുള്ള എതിർകക്ഷികളോടു വിശദീകരണം തേടി. സംസ്ഥാനത്തുണ്ടായ വൻദുരന്തത്തിന്റെ കാരണം അന്വേഷിക്കണമെന്നും പ്രളയദുരന്തം മനുഷ്യനുണ്ടാക്കിയതാണെന്നും ഇതിനു കാരണക്കാർ ആരെന്നു കണ്ടെത്തി ശിക്ഷിക്കാൻ നടപടി വേണമെന്നുമാവശ്യപ്പെട്ടാണു ടി.ജി. മോഹൻദാസ് ഹർജി നൽകിയത്.

പ്രളയം മൂലം കരയിൽ അടിഞ്ഞു കൂടിയ മാലിന്യം സംസ്കരിക്കാൻ നടപടി തേടി കളമശേരി സ്വദേശി ജാക്സൺ മാത്യു, ദുരിതാശ്വാസത്തിനായി വിദേശത്തുനിന്നു സംഭാവനയായി ലഭിച്ച സാധനങ്ങൾ ആവശ്യക്കാർക്ക് എത്തിക്കാൻ നടപടി വേണമെന്ന് ആവശ്യപ്പെട്ടു പാലാരിവട്ടം സ്വദേശി അനിൽ സെബാസ്റ്റ്യൻ പുളിക്കൽ എന്നിവർ നൽകിയ ഹർജികളും ഹൈക്കോടതി പരിഗണിച്ചു. 2005 ലെ ദുരന്ത നിവാരണ നിയമത്തിലെയും കേരള ജലസേചന, ജല സംരക്ഷണ നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ അധികൃതർ വീഴ്ച വരുത്തിയെന്നും പ്രളയമുണ്ടാകാനുള്ള കാരണമിതാണെന്നും ചൂണ്ടിക്കാട്ടിയുള്ളതാണു ടി.ജി. മോഹൻദാസിന്റെ ഹർജി.

ഓഗസ്റ്റ് ആദ്യവാരം തന്നെ മഴ മൂലം ഡാമുകളിലെ ജലനിരപ്പ് ഉയർന്നിരുന്നുവെന്നു ഹർജിക്കാരൻ പറയുന്നു. ഓഗസ്റ്റ് ഒമ്പതിന് ഡാമുകളിലെ സംഭരണശേഷിയുടെ 99 ശതമാനവും നിറഞ്ഞിട്ടും പ്രളയം ഒഴിവാക്കാൻ നടപടിയെടുത്തില്ല. കനത്തമഴയെ അവഗണിച്ച് ഉദ്യോഗസ്ഥർ ഡാം നിറയാൻ കാത്തുനിന്നതാണ് ദുരന്ത കാരണം. കുറ്റകരമായ അനാസ്ഥയാണ് ഉദ്യോഗസ്ഥർ കാട്ടിയത്. ഇത് അന്വേഷിക്കാൻ കേന്ദ്ര ജലകമ്മീഷനെ ചുമതലപ്പെടുത്തണമെന്നും ഹർജിയിൽ പറയുന്നു.